(ബി) ഇവയിൽ കൊല്ലം ജില്ലയിലെ കുണ്ടറയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കും, തൃശൂർ ജില്ലയിലെ പാവറടി ശുദ്ധജലവിതരണ പദ്ധതിക്കും നെതർലാന്റ് ഗവണ്മെന്റിന്റെ സഹായം ലഭിക്കുന്നുണ്ട്.

(സി)-(ഇ) ഇവയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(3506) ജലസേചനം ആവശ്യമായിട്ടുള്ള ഭൂമി

ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ ഭൂമിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇനിയും ജലസേചനം ആവശ്യമായിട്ടുള്ള എത്ര ഹെക്ടർ ഭൂമി സംസ്ഥാനത്തുണ്ട്;

(സി) ഈ ഭൂമിക്ക് ജലസേചനം ഏർപ്പെടുത്തുന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദവിവരം നല്കുമോ?

ഉത്തരം

(എ) 423773 ഹെക്ടർ സ്ഥലം.

(ബി) ഏകദേശം 1827135 ഹെക്ടർ സ്ഥലം.

(സി)&(ഡി) ഉണ്ട്. കുരിയാർകുറ്റി-കാരപ്പാറ, ചന്ദ്രവട്ടത്തെ ബ്രിഡ്ജ്-കം-റഗുലേറ്റർ എന്നീ പദ്ധതികളും, പര്യവേക്ഷണം നടന്നുകൊണ്ടിരിക്കുന്ന ബാണാസുരസാഗർ, വാമനപുരം, ചാലിയാർ, മീനച്ചിൽ എന്നീ പദ്ധതികളും പ്രാവർത്തികമാകുമ്പോൾ 60946 ഹെക്ടർ സ്ഥലത്ത് പുതുതായി ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻ സാധിക്കും. ഇതുകൂടാതെ കബനീ നദീതട പദ്ധതികളായ കല്ലംപതി, കടമൻതോട്, നൂൽപ്പുഴ, ചുണ്ടേലിപ്പുഴ, ചീഫലട്ട് എന്നിവയുടെ പര്യവേക്ഷണം നടത്തുവാനും തീരുമാനമായിട്ടുണ്ട്.

(3507) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കോരയാർ വരെയുള്ള പണി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കോരയാർ വരെയുള്ള പണി ആരംഭിക്കുവാൻ ഭരണാനുമതി ഏത് വർഷം നല്കി;

(ബി) കരാർ പണി ഏത് വർഷമാണ് തുടങ്ങിയത്;

---

†

LIBRARY ARCHIVES Kerala Legislative Assembly